പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 281      10/06/2013-ൽ മറുപടിക്ക്

## പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം

ചോദ്യം      മറുപടി

ശ്രീ.എസ്.ശർമ്മ      :      കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇപ്പോൾ ഏത് ക്ലാസ് വരെയാണ് സൗജന്യ യൂണിഫോം നൽകുന്നത്; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 107 പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിച്ചു വിവിധ സ്കൂളുകളിൽ പഠനം നടത്തുന്ന 1 മുതൽ +2 വരെ ക്ലാസുകളിൽ പഠിക്കുന്ന എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വകുപ്പ് 2 ജോഡി യൂണിഫോം വീതവും, വകുപ്പിന്റെ കീഴിലുള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ 1 മുതൽ +2 വരെയുള്ള പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് 3 ജോഡി യൂണിഫോം വീതവും ആൺ,പെൺ ഭേദമില്ലാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ചെലവിൽ നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഹയർ സെക്കന്ററി തലം വരെയുള്ളവർക്ക് സൗജന്യമായി യൂണിഫോം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയും പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററി തലംവരെ സൗജന്യ യൂണിഫോം നൽകി വരുന്നുണ്ട്. മറ്റ് സ്കൂളുകളിൽ ഹയർ സെക്കന്ററി കോഴ്സുകളിൽ പഠിക്കുന്നവർക്ക് യൂണിഫോം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ